# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2763 — 21.06.2012 ൽ -മറുപടിക്ക്

## വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ടോ; | (എ) | വയനാട് ജില്ലയിലെ റേഷൻ കാർഡിന് അപേക്ഷിച്ച അർഹതയുളള എല്ലാ ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും റേഷൻകാർഡ് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ജില്ലയിൽറേഷൻ കാർഡ് ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട് എന്നതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ റേഷൻകാർഡ് ഇല്ലാത്ത 4252 ആദിവാസി കുടുംബങ്ങളുണ്ട്. ആയതിന്റെ താലൂക്ക്തല വിവരം ചുവടെ ചേർക്കുന്നു.<br>താലൂക്ക് — എണ്ണം<br>വൈത്തിരി — 468<br>മാനന്തവാടി — 1684<br>സുൽത്താൻബത്തേരി — 2100<br>ആകെ — 4252 |
| (സി) | വയനാട് ജില്ലയിലെ കാർഡില്ലാത്ത ആദിവാസി കുടുംബങ്ങൾക്കും കൂടി സിവിൽ സപ്ലൈസ് വകുപ്പു മുഖേനനൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടിക്രമം അനുസരിച്ച് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് ഉടൻ റേഷൻ കാർഡ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>റേഷൻ കാർഡ് ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ